# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 933 — 30.11.2018-ൽ മറുപടിയ്ക്ക്.

## പ്രളയം മൂലം ക്ഷീരമേഖലയ്ക്കുണ്ടായ ആഘാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ പ്രളയം ക്ഷീരമേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരമേഖലയിൽ പ്രളയത്തിന്റെ ഭാഗമായി ഏകദേശം 107 കോടി രൂപയുടെ നാശ നഷ്ടങ്ങൾ സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.<br>പ്രളയത്തിൽ 5163 പശുക്കൾക്കും 1228 കിടാരികൾക്കും 5166 കന്നുകുട്ടികൾക്കും 541 എരുമകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്തുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ കെട്ടിടങ്ങൾക്കും ശീതീകരണ സംസ്കരണ, പാൽ പരിശോധന സംവിധാനങ്ങൾക്കും കനത്ത നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. തീറ്റപ്പുൽകൃഷിത്തോട്ടങ്ങൾ വ്യാപകമായി നശിക്കുകയും കാലിത്തീറ്റ, വൈക്കോൽ, കച്ചി തുടങ്ങിയവ ഉപയോഗശൂന്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ 2.5 ലക്ഷം ലിറ്ററിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. |
| (ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ ധനസഹായമാണ് ഇതിനകം നൽകിയത്; | (ബി) പ്രളയത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള |

ധനസഹായമായി 181 ലക്ഷം രൂപയും കച്ചി/വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയുടെയും ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രളയനാശനഷ്ടങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷീരകർഷകർക്കായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റിഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(സി) പ്രളയമേഖലയിൽ പൊതു കന്നുകാലി പരിപാലന കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) അടുത്ത സാമ്പത്തിക വർഷം കുട്ടനാട് പോലെയുള്ള പ്രളയസാദ്ധ്യതാ പ്രദേശത്ത് പൊതു കന്നുകാലി പരിപാലനകേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള സർക്കാർ പരിശ്രമങ്ങളെ പ്രളയം എത്രമാത്രം പിന്നോട്ടടിച്ചുവെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രളയത്തിന്റെ ഭാഗമായി സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന ക്ഷീരോല്പാദന മേഖലയ്ക്ക് കനത്ത നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയം മൂലം 384.26 ലക്ഷം രൂപയുടെ പാലുല്പാദന നഷ്ടം ക്ഷീര മേഖലയിൽ ഉണ്ടായിട്ടുണ്ട്. കറവപ്പശുക്കളും എരുമകളും നഷ്ടപ്പെട്ടതു മൂലം ഉണ്ടായ ഉല്പാദന നഷ്ടത്തോടൊപ്പം പ്രളയത്തെ അതിജീവിച്ച ഉരുക്കളിലും ഉല്പാദന നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽകൃഷിയും 3735.8 മെട്രിക് ടൺ വൈക്കോൽ നഷ്ടമായത് ക്ഷീരോല്പാദനത്തെ ബാധിക്കാൻ കാരണമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**